I ഇ.ബി. XIII – കേരള നിയമസഭ/IX - 1

# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

## നിയമസഭാ നടപടികൾ – സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2013 ജൂൺ 10, തിങ്കൾ

പതിമൂന്നാം കേരള നിയമസഭയുടെ ഒമ്പതാം സമ്മേളനം 2013 ജൂൺ മാസം 10–ാം തീയതി തിങ്കളാഴ്ച രാവിലെ 8.30–ന് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ ആരംഭിച്ചു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## തിരുത്തിയ ഉത്തരം

### നക്ഷത്ര ചിഹ്നമിടാത്ത 246–ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത 246–ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മേശപ്പുറത്തുവച്ചു.

## ചരമോപചാരം

മുൻമന്ത്രി ലോനപ്പൻ നമ്പാടൻ, മുൻ കേരള നിയമസഭാംഗം കെ. പി. കോസല രാമദാസ് എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

## അടിയന്തര പ്രമേയം

### അട്ടപ്പാടി ആദിവാസി കുടുംബങ്ങളിലെ ശിശുമരണങ്ങൾ

മി. സ്പീക്കർ: ആരോഗ്യ സുരക്ഷാ പദ്ധതികൾ അട്ടിമറിക്കപ്പെട്ടതിനെത്തുടർന്ന് ആദിവാസി ഊരുകളിലെ നവജാത ശിശുക്കൾ മരണപ്പെട്ടതിനാൽ ആദിവാസി കുടുംബങ്ങളിൽ ആശങ്ക ഉളവായിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. എ. കെ. ബാലൻ, വി.എസ്. സുനിൽകുമാർ, മാത്യു ടി. തോമസ്, കോവൂർ കുഞ്ഞുമോൻ, തോമസ് ചാണ്ടി എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): അട്ടപ്പാടി ആദിവാസി മേഖലയിൽ പോഷകാഹാരക്കുറവുമൂലം നവജാത ശിശുക്കൾ മരണപ്പെട്ടതിനെത്തുടർന്ന് ആരോഗ്യ രംഗത്ത് ചെയ്യാവുന്ന എല്ലാ പ്രതിരോധ നടപടികളും സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള റേഷനു പുറമേ റാഗി കൂടി വിതരണം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ചെയ്തിട്ടുണ്ട്. സംസ്ഥാന മന്ത്രിമാർ സ്ഥലം

സന്ദർശിക്കുകയും ജനപ്രതിനിധികളുമായും വിവിധ ഉദ്യോഗസ്ഥന്മാരുമായും ചർച്ച ചെയ്ത് തീരുമാനങ്ങളെടുക്കുകയും ഡോ. പ്രഭുദാസിനെ ആരോഗ്യ പ്രവർത്തനങ്ങളുടെ കോ-ഓർഡിനേഷനുവേണ്ടി നിയമിക്കുകയും ചെയ്തിട്ടുണ്ട്. അട്ടപ്പാടിയിൽ ശിശുമരണങ്ങൾ നടന്ന മൂന്നു പഞ്ചായത്തുകളിലെ ആരോഗ്യ വകുപ്പിന്റെ സ്ഥാപനങ്ങളിൽ കൂടുതലായി ആവശ്യപ്പെട്ട 75 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. അഹാഡ്സിന്റെ പ്രവർത്തനം നിലച്ചതിനെത്തുടർന്ന് അവിടെ ജോലിയെടുത്തിരുന്ന 91 ആദിവാസികൾക്കും അട്ടപ്പാടി പാക്കേജുമായി ബന്ധപ്പെട്ട് നിയമനം നൽകി. അട്ടപ്പാടി ഊരുകളിലെ പോഷകാഹാരക്കുറവ് പരിഹരിക്കാൻ രൂപീകരിച്ച ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്റർ അഗളി സി.എച്ച്.സി. യിൽ ഇന്നുമുതൽ പ്രവർത്തനം ആരംഭിക്കുകയാണ്. ഗവൺമെന്റ് ഉദ്യോഗസ്ഥരോ ഇൻകം ടാക്സ് അടയ്ക്കുന്നവരോ ഒഴികെ ആദിവാസികളായ എല്ലാവർക്കും ബി.പി.എൽ കാർഡ് കൊടുക്കുന്നതിന് നിർദ്ദേശം നിൽകിയിട്ടുണ്ട്. കുടുംബശ്രീ വഴി അവിടത്തെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിനായി 50 കോടി രൂപയും കൃഷി രംഗത്ത് ആദിവാസി സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള വിവിധ പരിപാടികൾക്കായി 50 കോടി രൂപയും ഐ.എ.വൈ വീടുകൾക്കുവേണ്ടി 12 കോടി രൂപയും കേന്ദ്ര ഗവൺമെന്റിന്റെ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അട്ടപ്പാടിയിലെ കാർഷിക പ്രവർത്തനങ്ങൾ തൊഴിലുറപ്പു പദ്ധതിയുടെ പരിധിയിലാക്കിയിട്ടുണ്ട്. പി.എം.ജി.എസ്.വൈ. സ്കീമിൽപ്പെടുത്തി 30 കി.മീ. റൂറൽ റോഡ് വികസിപ്പിക്കുന്നതാണ്.

<u>ശ്രീ. എ.കെ. ബാലൻ</u>: പോഷകാഹാരക്കുറവുമൂലം അട്ടപ്പാടി ആദിവാസി ഊരുകളിലെ നവജാത ശിശുക്കൾ മരണപ്പെട്ടുകൊണ്ടിരിക്കുന്ന സാഹ

ചര്യത്തിൽപ്പോലും ട്രൈബൽ പ്രൊമോട്ടേഴ്സിനെ നിയമിച്ചിട്ടില്ല. ആദിവാസി സമൂഹത്തിലെ ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ, മൂന്ന് വയസ്സിനും ആറ് വയസ്സിനുമിടയിൽ പ്രായമുള്ള കുട്ടികൾ ഉൾപ്പെടെയുള്ളവർ പ്രത്യേക പരിഗണന അർഹിക്കുന്നവരാണ്. ഇക്കാര്യത്തിൽ സർക്കാരിന്റെ ശക്തമായ ഇടപെടലുണ്ടാകണം. മുഖ്യമന്ത്രി പ്രഖ്യാപിച്ച പാക്കേജിന്റെ ഭാഗമായി അടിയന്തിര നടപടികൾ സ്വീകരിക്കുകയോ ക്യാബിനറ്റ് തീരുമാനം ഫലപ്രദമായി നടപ്പിലാക്കുകയോ ചെയ്തിട്ടില്ല. ഇക്കാര്യത്തിൽ വകുപ്പുകൾ തമ്മിൽ ഏകോപനം ഇല്ലാതായിരിക്കുകയാണ്. ആദിവാസി ഫണ്ട് വിനിയോഗം സംബന്ധിച്ച് റിവ്യൂ നടത്തുന്നില്ല. ടി.എസ്.പി. ഫണ്ടിന്റെ 50 ശതമാനംപോലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിച്ചിട്ടില്ല. ഐ.റ്റി.ഡി.പി. ഗ്രാമവികസന വകുപ്പിന്റെ കീഴിലായതിനാൽ ഫണ്ട് വിനിയോഗിക്കാൻ സാധിക്കുന്നില്ല. അംഗനവാടികൾ നിർജ്ജീവമായിരിക്കുന്നു. കാലാവധി കഴിഞ്ഞ പോഷകാഹാരമാണ് അംഗനവാടികളിലൂടെ വിതരണം ചെയ്യുന്നത്. പോഷകാഹാര വിതരണത്തിനുള്ള പഞ്ചായത്ത് വിഹിതം കൃത്യമായി നൽകുന്നില്ല. സർക്കാർ പ്രഖ്യാപിച്ച അളവിൽ സിവിൽ സപ്ലൈസ് വകുപ്പ് ആദിവാസികൾക്ക് ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നില്ല. ഭൂരിപക്ഷം ആദിവാസികളെയും എ.പി.എൽ. ലിസ്റ്റിൽപ്പെടുത്തിയിരിക്കുന്നതിനാൽ കുറഞ്ഞ നിരക്കിലുള്ള അരി അവർക്ക് ലഭിക്കുന്നില്ല. തൊഴിലില്ലായ്മ രൂക്ഷമായിരിക്കുന്നു. അട്ടപ്പാടി ആദിവാസി മേഖലകളിലെ ആശുപത്രികളിൽ ഡോക്ടർമാരും ജീവനക്കാരുമില്ല. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ശ്രീ. എം. ഷംസുദ്ദീൻ: അട്ടപ്പാടി ആദിവാസി സമൂഹം അനുഭവിക്കുന്ന പ്രത്യേക ആരോഗ്യ പ്രശ്നമായി ഈ വിഷയത്തെ കാണണം. ഇപ്പോൾ ഈ വിഷയം നിയന്ത്രണ വിധേയമാക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ആദിവാസികൾക്ക് കൃഷിക്കാവശ്യമായ ഭൂമി നൽകുന്നതിനുള്ള നടപടി ഉടൻ പൂർത്തീകരിക്കണം. ശിശുക്കൾ മരണപ്പെട്ട മാതാപിതാക്കൾക്ക് ധനസഹായം നൽകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): എസ്.ടി. ഡിപ്പാർട്ടുമെന്റ് പണംചെലവഴിക്കാതെ ലാപ്സാക്കി കളയുന്നു എന്നുപറയുന്നത് ശരിയല്ല. അവിടെയുള്ള മൂന്ന് ആശുപത്രികളിലും കൂടി 75 തസ്തികകൾ സൃഷ്ടിച്ചു. പോരായ്മകൾ കണ്ടെത്തി പ്രവർത്തിക്കുകയാണ് ഗവൺമെന്റ് ചെയ്യുന്നത്. കേന്ദ്ര ഗവൺമെന്റ് 112 കോടി രൂപയുടെ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. സ്പെഷ്യൽ ഓഫീസറേയും അവിടത്തെ ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ജനങ്ങൾ ആവശ്യപ്പെട്ട ഡോക്ടറെ നോഡൽ ഓഫീസറായും നിയമിച്ചതോടൊപ്പം മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും ചെയ്തു. ആശാ വർക്കേഴ്സിനെ എല്ലാ വീടുകളിലും അയച്ച് പോഷകാഹാരവും മരുന്നും നൽകുന്നുണ്ട്. ആദിവാസി ഊരുകളിലെ പുതിയ തലമുറയെ പൊതുസമൂഹത്തിന്റെ ഭാഗമാക്കി മാറ്റുന്നതിനുവേണ്ടി ദീർഘകാലാടിസ്ഥാനത്തിലുള്ള പരിപാടികൾ ഗവൺമെന്റ് ആവിഷ്കരിക്കുന്നതാണ്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗത്തിൽനിന്ന് ആദിവാസികളെ പിന്തിരിപ്പിക്കുന്നതിനുള്ള ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. അട്ടപ്പാടിയിൽ ആദിവാസി കുഞ്ഞുങ്ങളുടെ മരണങ്ങൾ തടയുന്നതിന്

സർക്കാർ പ്രതിജ്ഞാബദ്ധമായിരിക്കുമെന്ന് സഭയ്ക്ക് ഉറപ്പ് നൽകുന്നു. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

ശ്രീ. ഉമ്മൻ ചാണ്ടി: ഈ സമ്മേളനം അവസാനിക്കുന്നതിന് മുമ്പ് ഈ വിഷയം ചർച്ച ചെയ്യാൻ സർക്കാർ തയ്യാറാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ. എ. അസീസ് എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

### മലയാളത്തിന് ശ്രേഷ്ഠഭാഷാപദവി

മലയാളത്തിന് ശ്രേഷ്ഠഭാഷാപദവി ലഭിച്ചത് സംബന്ധിച്ച് മുഖ്യമന്ത്രി സഭയിൽ പ്രസ്താവന നടത്തി.

## ചെയർമാൻമാരുടെ പാനൽ

സർവ്വശ്രീ. എം.എ. വാഹീദ്, തോമസ് ഉണ്ണിയാടൻ, ശ്രീമതി പി. അയിഷാ പോറ്റി എന്നീ അംഗങ്ങളെ പതിമൂന്നാം കേരള നിയമസഭയുടെ ഒമ്പതാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേക്ക് നാമനിർദ്ദേശം ചെയ്തു.

## ശ്രദ്ധ ക്ഷണിക്കൽ

### (1) റോഡപകടങ്ങൾ

ശ്രീ. സി.പി. മുഹമ്മദ്: കേരളത്തിൽ വാഹനാപകടങ്ങൾമൂലം മരണമടയുന്നവരുടെയും പരിക്കുപറ്റുന്നവരുടെയും എണ്ണം ദിനംപ്രതി വർദ്ധിച്ചുവരികയാണ്. റോഡപകടങ്ങളിൽ മരിക്കുന്നവരിൽ അധികവും യുവാക്കളാണ്. നിയമങ്ങളെ അനുസരിക്കാനും അതനുസരിച്ച് വാഹനങ്ങൾ ഓടിക്കാനും തയ്യാറാകാത്തത്, അമിത വേഗത, മദ്യപാനം, വാഹനങ്ങളുടെ തകരാറ്, റോഡുകളുടെ തകർച്ച, സിഗ്നലുകളുടെ അഭാവം, മത്സര ഓട്ടം മുതലായവ റോഡപകടങ്ങൾ വർദ്ധിക്കുന്നതിനുള്ള പ്രധാനപ്പെട്ട കാരണങ്ങളാണ്. കേരളത്തിലെ വാഹനാപകട നിരക്ക് കുറയ്ക്കുന്നതിന് മോട്ടോർ വാഹന വകുപ്പ് മറ്റു വകുപ്പുകളുമായി ചേർന്ന് ശാസ്ത്രീയമായ പരിപാടികൾ അടിയന്തരമായി ആവിഷ്ക്കരിക്കണം. ഇക്കാര്യത്തിൽ കൗമാരപ്രായക്കാർക്കിടയിൽ ബോധവൽക്കരണം നടത്താൻ തയ്യാറാകണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): അശ്രദ്ധയോടെയുള്ള ഡ്രൈവിംഗ്, ഇരുചക്രവാഹനങ്ങളുൾപ്പെടെയുള്ള വാഹനങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് എന്നിവയാണ് റോഡപകടങ്ങൾ വർദ്ധിക്കുന്നതിനുള്ള പ്രധാന കാരണം. വാഹനങ്ങളുടെ വർദ്ധനവിനനുസൃതമായി റോഡുകൾ വികസിക്കാത്തതും മോട്ടോർ വാഹന വകുപ്പിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതും അപകടനിരക്ക് കൂടുന്നതിന് കാരണമാകുന്നുണ്ട്. മോട്ടോർ വാഹന വകുപ്പിൽ ഏകദേശം 406 പുതിയ ഉദ്യോഗസ്ഥരെ നിയമിക്കുകയും 17 സ്ക്വാഡുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. അമിത വേഗത തടയാൻ സ്റ്റേജ് ഗ്യാരേജുകളിലും

ഹെവി വാഹനങ്ങളിലും സ്കൂൾ വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ്, മൊബൈൽ സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളും നടന്നുവരുന്നുണ്ട്. ജില്ലാതലത്തിൽ സ്പീഡ് ട്രേസറുകൾ ഉപയോഗിച്ചും മേഖലാതലത്തിൽ അത്യാധുനിക റഡാർ ഉപയോഗിച്ചും സ്പീഡ് തടയുന്നുണ്ട്. റോഡ് സേഫ്റ്റി അതോറിറ്റിയുടെ കീഴിൽ ചേർത്തല മുതൽ മണ്ണുത്തി വരെ സർവെയ്ലൻസ് ക്യാമറ ഏർപ്പെടുത്തിയിട്ടുണ്ട്. ചേർത്തല മുതൽ കളിയിക്കാവിള വരെ സർവെയ്ലൻസ് ക്യാമറ സ്ഥാപിക്കാനുള്ള നടപടി പോലീസ് ഡിപ്പാർട്ടുമെന്റ് സ്വീകരിച്ചുവരുന്നുണ്ട്. ഡ്രൈവർമാർക്ക് പ്രത്യേക പരിശീലനം നൽകാനും ബോധവൽക്കരണം നടത്താനുമുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

## (2) കർഷകർ നേരിടുന്ന പ്രതിസന്ധി

ശ്രീ. ഇ.പി. ജയരാജൻ: കാർഷിക ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാത്തതുമൂലം കേരളത്തിലെ കാർഷിക മേഖല അതീവ ഗുരുതരമായ പ്രശ്നങ്ങളെ നേരിട്ടുകൊണ്ടിരിക്കുകയാണ്. നെല്ല്, നാളികേരം, റബ്ബർ, കാപ്പി, കുരുമുളക്, ഏലം, കശുവണ്ടി തുടങ്ങിയ കാർഷിക ഉല്പ്പന്നങ്ങൾ വിലയിടിവ് നേരിടുന്നതിനാൽ ഇവയുടെ ഉല്പാദനം തകർച്ചയിലെത്തിയിരിക്കുകയാണ്. നെല്ല് സംഭരിച്ച ഇനത്തിൽ കർഷകർക്ക് കൊടുത്തുതീർക്കാനുള്ള തുക നൽകാൻ അടിയന്തര നടപടി സ്വീകരിക്കണം. രാസവളത്തിന്റെ വില ക്രമാതീതമായി വർദ്ധിക്കുന്നത് കർഷകരെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. നെൽകൃഷിക്കാർക്കുള്ള ഇൻപുട്ട് സബ്സിഡി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. നെല്ലുല്പാദനം വർദ്ധിപ്പിക്കാൻ ഫലപ്രദമായ നടപടികൾ

ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. കൃഷിക്കാർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ കൃത്യമായി ലഭ്യമാക്കണം. നാളികേര കൃഷിയെ സംരക്ഷിക്കാൻ ഫലപ്രദമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. കൊപ്രയുടേയും ഉണ്ടകൊപ്രയുടേയും താങ്ങുവില വർദ്ധിപ്പിച്ചിട്ടുപോലും നാഫെഡ് കൊപ്ര സംഭരിക്കാത്തതിനെതിരെ നടപടികളുണ്ടാകണം. റബ്ബറിന്റെ വില കുറയുകയും രാസവളത്തിന്റെ വില വർദ്ധിക്കുകയും ചെയ്തത് റബ്ബർ ഉൽപാദനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. റബ്ബർ വാണിജ്യ വിളയായി പരിഗണിക്കപ്പെട്ടതുകൊണ്ട് ചെറുകിട നാമമാത്ര റബ്ബർ കർഷകർക്ക് ആനുകൂല്യം ലഭിക്കാത്തതിനെതിരെ നടപടിയുണ്ടാകണം. ഏലത്തിന്റെ വില കുറഞ്ഞതുമൂലം ഏലകർഷകർക്കുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കണം. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തെറ്റായ സാമ്പത്തിക നയത്തിന്റെ ഭാഗമായി കുരുമുളക്, കാപ്പി ഉൾപ്പെടെയുള്ള കാർഷിക ഉൽപ്പന്നങ്ങൾക്കും വിലയിടിയുന്ന സാഹചര്യം നിലനിൽക്കുകയാണ്. നെൽകൃഷിക്കാർക്കുള്ള സബ്സിഡി പുന:സ്ഥാപിക്കുന്നതിനും സംഭരിച്ച നെല്ലിന്റെ പണം നെൽകൃഷിക്കാർക്ക് നൽകാനും അടിയന്തിര നടപടി സ്വീകരിക്കണം. നാളീകേര കർഷകർക്ക് ന്യായവില ലഭ്യമാക്കുന്നതിനും കുരുമുളക്, ഏലം, റബ്ബർ എന്നിവയുടെ വില ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം. നാളീകേരം സംഭരിക്കാതിരിക്കുന്ന കൃഷിഭവനുകൾക്കെതിരെ നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി (ശ്രീ. കെ. പി. മോഹനൻ): സംസ്ഥാനത്തെ പ്രധാന വിളയായ നെല്ലിന്റെ വിലത്തകർച്ച നേരിടുന്നതിനായി സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നെല്ല് സംഭരണം നടപ്പിലാക്കി വരുന്നു. സംസ്ഥാന

സർക്കാർ ഉയർന്ന വിലയ്ക്കാണ് നെൽ സംഭരണം നടത്തുന്നത്. 2012 ഫെബ്രുവരി മാസം മുതൽ എല്ലാ ജില്ലകളിലും സപ്ലൈകോവഴി നെല്ല് സംഭ രണം നടത്തുന്നുണ്ട്. സംഭരിച്ച നെല്ലിന്റെ വില സപ്ലൈകോയിൽ നിന്നും നേരിട്ട് കർഷകരുടെ ബാങ്ക് അക്കൗണ്ടിൽ നൽകി വരുന്നുണ്ട്. ആകെയുള്ള സംഭരണത്തുകയായ 380 കോടി രൂപയിൽ 300 കോടി രൂപ ഇതിനോടകം വിതരണം ചെയ്യുകയും ബാക്കി 80 കോടി രൂപ ഉടൻ തന്നെ നൽകാനുള്ള നടപടികൾ ആരംഭിച്ചിട്ടുമുണ്ട്. കേന്ദ്ര സർക്കാരിന്റെ താങ്ങുവില പദ്ധതി പ്രകാരം കൊപ്ര സംഭരണം നടപ്പിലാക്കി വരുന്നുണ്ട്. കൊപ്ര സംഭരണ ത്തിൽ നാഫെഡിനുണ്ടായ നഷ്ടം കേന്ദ്ര സർക്കാർ നികത്താത്ത സാഹചര്യ ത്തിൽ നാഫെഡ് കൊപ്ര സംഭരണം നിർത്തിവച്ചെങ്കിലും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി പ്രസ്തുത നഷ്ടം പൂർണ്ണ മായി നികത്താമെന്ന് സമ്മതിപ്പിച്ച സാഹചര്യത്തിൽ കൊപ്ര സംഭരണം നാഫെഡ് പുനരാരംഭിച്ചിട്ടുണ്ട്. കൃഷിഭവൻ മുഖാന്തിരം നാളികേരം സംഭരി ക്കാൻ 2013 ജനുവരി മാസം 1–ാം തീയതി മുതൽ നടപ്പാക്കിയ പദ്ധതിയിലൂടെ കർഷകരിൽ നിന്നും പച്ചത്തേങ്ങ സംഭരിക്കുകയും സംഭ രണ വില അപ്പോൾതന്നെ കർഷകർക്ക് നൽകുന്നതിനും നടപടി സ്വീകരിച്ചി ട്ടുണ്ട്. സംഭരിക്കുന്ന പച്ചത്തേങ്ങ കേരഫെഡ് വഴി കൊപ്രയാക്കാനും മറ്റുമൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കാനും ഉപയോഗിക്കുന്നു. 'നീര' ഉൽപ്പാദനം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിവരുന്നു. കേന്ദ്ര സർക്കാരിന്റെ താങ്ങുവില പദ്ധതി അനുസരിച്ചുള്ള കൊപ്ര സംഭരണത്തി ലൂടെ 2012–13 വർഷം 18,143 ടൺ കൊപ്ര കേരഫെഡും മാർക്കറ്റ് ഫെഡും ചേർന്ന് സംഭരിച്ചിട്ടുണ്ട്. നാളീകേര മേഖല ആകർഷകവും ആദായപ്രദവുമാ

ക്കാനായി പൂട്ടിക്കിടന്ന സംസ്ഥാന നാളീകേര വികസന കോർപ്പറേഷൻ പുനരുജ്ജീവിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. ആറ്റിങ്ങൽ മാമത്തുള്ള കേരള സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ റിവൈവ് ചെയ്ത് മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റബ്ബറിന്റെ ഇറക്കുമതി തീരുവ ഉയർത്താൻ സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. അന്താരാഷ്ട്ര വിപണിയിൽ കുരുമുളകിനുണ്ടായ വിലയിടിവ് കുരുമുളകിന്റെ ആഭ്യന്തര വിലയിടിവിന് കാരണമായിട്ടുണ്ട്. ഗ്വാട്ടിമാലയിൽ നിന്നും വില കുറഞ്ഞ ഏലം അന്താരാഷ്ട്ര വിപണിയിൽ ലഭിക്കുന്നതുകൊണ്ടാണ് ഏലത്തിന്റെ വില കുറയാനിടയായത്. 2013 മേയ് മാസം മുതൽ യൂറിയയ്ക്ക് നാമമാത്രമായി വില വർദ്ധിച്ചിട്ടുണ്ടെങ്കിലും മറ്റ് വളങ്ങൾക്ക് വില കുറഞ്ഞിട്ടുണ്ട്. ഈ വർഷം 110 കൃഷിഭവനുകൾ വഴി കൂടുതലായി നാളികേരം സംഭരിക്കും.

## സബ്മിഷൻ

### (1) <u>സിവിൽ സർവ്വീസ് പരിശീലന കേന്ദ്രങ്ങൾ</u>

<u>ശ്രീ. കെ.എൻ.എ. ഖാദർ:</u> കേരളത്തിലെ യുവതീയുവാക്കൾക്ക് സിവിൽ സർവ്വീസ് പരീക്ഷകളിൽ പരിശീലനം നൽകുന്നതിനായി സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): അഖിലേന്ത്യാ സിവിൽ സർവ്വീസ് പരീക്ഷയിൽ ഉന്നത വിജയം കൈവരിക്കാൻ സഹായിക്കുന്നതിനായി സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷന്റെ നിയന്ത്രണത്തിൽ 2005-ൽ

ആരംഭിച്ച കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ ഒരു ഉപകേന്ദ്രം പാലക്കാട് ആരംഭിക്കുന്നതാണ്. അക്കാദമിയുടെ പ്രവർത്തനം സംസ്ഥാനത്തിന്റെ ഉത്തര മേഖലയിൽക്കൂടി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ ഇതിന്റെ ഒരു പ്രാദേശിക കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരികയാണ്.

## (2) ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ

ശ്രീമതി ഇ.എസ്. ബിജിമോൾ: പീരുമേട് താലൂക്കിലെ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ തുക അനുവദിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): പീരുമേട് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് ആവശ്യമായ ഫണ്ട് 2013–14 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയശേഷം ശുപാർശ സമർപ്പിക്കാൻ ധനകാര്യ വകുപ്പ് ഭരണവകുപ്പിനോട് നിർദ്ദേശിച്ചിരുന്നെങ്കിലും ഇതുവരെയും ലഭ്യമായിട്ടില്ല. ആഭ്യന്തര വകുപ്പ് ശുപാർശ നൽകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് തുടർ നടപടി സ്വീകരിക്കുന്നതാണ്.

## (3) ദമ്പതികൾക്കെതിരെയുണ്ടായ ആക്രമണം

ശ്രീ. റ്റി.വി. രാജേഷ്: മൂവാറ്റുപുഴ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിൽ വച്ച് ദമ്പതികളായ കാക്കനാട് സ്വദേശി വഹാബിനേയും റജീനയേയും ആക്രമിച്ച പ്രതികളെ അടിയന്തിരമായി അറസ്റ്റ് ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): എറണാകുളം ജില്ലയിലെ കാക്കനാട്

സ്വദേശിയായ വഹാബിനേയും ഭാര്യ റജീന വഹാബിനേയും 23.5.13–ന് രാത്രി 7.45–ന് മൂവാറ്റുപുഴ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിൽ വച്ച് ആറ് പേർ ചേർന്ന് ദേഹോപദ്രവം ഏൽപ്പിച്ച സംഭവത്തിൽ പ്രതികളായ ഗിരീഷ്, ദീപു, ശ്രീജിത്ത് എന്നിവരെ 25.5.2013–ന് അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്തു. ഒന്നാം പ്രതി സുരേന്ദ്രൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലും മറ്റ് പ്രതികളായ കണ്ണൻ, അനീഷ് എന്നിവർ എറണാകുളം ജില്ലാ സെഷൻസ് കോടതി മുൻപാകെയും ജാമ്യാപേക്ഷ സമർപ്പിച്ചിട്ടുള്ളതിനാൽ ഇവരെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. മൂവാറ്റുപുഴ പോലീസ് സബ് ഇൻസ്പെക്ടർ കേസന്വേഷണം നടത്തിവരുന്നു.

## (4) പെൻഷൻ വിതരണത്തിലെ കാലതാമസം

ശ്രീ. കെ. മുരളീധരൻ: സർവ്വീസിൽനിന്നും വിരമിച്ച പത്ര ജീവന ക്കാർക്കുള്ള പെൻഷൻ വിതരണത്തിലെ കാലതാമസം അവസാനിപ്പിക്കുന്ന തിനും മുൻകാലപ്രാബല്യത്തോടെ പെൻഷൻ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): സർവ്വീസിൽ നിന്നും വിരമിച്ച പത്ര ജീവനക്കാർക്ക് 1–1–2000–ൽ രൂപീകരിച്ച പെൻഷൻ പദ്ധതിക്ക് ആവശ്യമായ ഫണ്ട് ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിലും കുടിശ്ശിക നൽകാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ജേർണലിസ്റ്റുകൾക്കു പെൻഷൻ കൊടുക്കുന്ന തുപോലെ നോൺ ജേർണലിസ്റ്റുകൾക്കും യഥാസമയം പെൻഷൻ വിതരണം ചെയ്യുന്നതിനാവശ്യമായ ഫണ്ട് വകയിരുത്താൻ നടപടി സ്വീകരിക്കുന്നതാണ്.

## (5) മാലിന്യ നിർമ്മാർജ്ജനം

ശ്രീ. എം.പി. വിൻസെന്റ്: ഒല്ലൂർ നിയോജകമണ്ഡലത്തിൽ സിഡ്കോയുടെ കീഴിൽ പ്രവർത്തിക്കുന്ന എടക്കുന്നി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ അനധികൃതമായി ആരംഭിച്ച വ്യവസായങ്ങളുടെ ഫലമായി ഉണ്ടാകുന്ന മാലിന്യംമൂലം സമീപവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ഉന്നതതല സംഘം പ്രസ്തുത സ്ഥലം സന്ദർശിച്ച് പഠനം നടത്തുന്നതിനും നടപടി സ്വീകരിക്കണം.

സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): ഒല്ലൂർ നിയോജകമണ്ഡലത്തിലെ എടക്കുന്നി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന ഗോൾഡ്, അലുമിനിയം, സിങ്ക് ഇലക്ട്രോപ്ലേറ്റിംഗ് യൂണിറ്റുകളിൽ മലിനജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കണമെന്നും ഖരമാലിന്യങ്ങൾ എറണാകുളം അമ്പലമേട്ടിലുള്ള പൊതു ഖരമാലിന്യ നിർമ്മാർജ്ജന സംവിധാനത്തിൽ നിർമ്മാർജ്ജനം ചെയ്യണമെന്നും സംസ്ഥാന മലിനീകരണ നിർമ്മാർജ്ജന ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്. പുനരുപയോഗ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങൾ താത്കാലികമായി അടച്ചിടാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുനരുപയോഗ സംവിധാനം ഏർപ്പെടുത്തിയ സ്ഥാപനങ്ങൾ പരിശോധിക്കുന്നതിന് നിയോഗിക്കപ്പെട്ട കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്ന

താണ്. പ്രസ്തുത പ്രദേശത്ത് ശുദ്ധജലമെത്തിക്കുന്നതിന് കോർപ്പറേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## (6) പുലിമുട്ടുകൾ സ്ഥാപിക്കൽ

ശ്രീ. എ.എ. അസീസ്: ഇരവിപുരം നിയോജകമണ്ഡലത്തിലെ തീരപ്രദേശങ്ങളിൽ കടലാക്രമണം രൂക്ഷമായ സാഹചര്യത്തിൽ അടിയന്തര മായി പുലിമുട്ടുകൾ നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ ജോസഫ്): കൊല്ലം ജില്ലയിലെ ഇരവിപുരം നിയോജകമണ്ഡലത്തിൽപ്പെട്ട കാക്കത്തോപ്പ്, ചാനാകരിയം, കുളത്തിൽപ്പാട്, പള്ളിത്തോപ്പ്, കുരിശ്ശടി എന്നിവിടങ്ങളിൽ കഴിഞ്ഞ ദിവസ ങ്ങളിൽ കടൽക്ഷോഭംമൂലം നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. ഇത്തരം സ്ഥലങ്ങ ളിൽ കരിങ്കല്ലുകൊണ്ട് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് 11.92 ലക്ഷം രൂപയുടെ നാല് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. റ്റി. ആർ. പി. പദ്ധതിയിൽ ഉൾപ്പെടുത്തി പത്ത് പുലിമുട്ടുകൾ ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് താന്നി കടപ്പുറത്ത് നിർമ്മിച്ചിട്ടുണ്ട്. ഇപ്പോഴു ണ്ടായ കടൽക്ഷോഭം കണക്കിലെടുത്ത് കാക്കത്തോപ്പ് മുതൽ മുക്കം വരെ യുള്ള പ്രദേശങ്ങളിൽ പുലിമുട്ട് നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാ ക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## (7) വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കൽ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: പൊന്നാനി താലൂക്കിൽ ഭാരതപ്പുഴയിൽ സ്ഥാപിച്ചിരിക്കുന്ന നരിപ്പറമ്പ് പമ്പ് ഹൗസ് പുനരുദ്ധരിച്ച് ജലശുദ്ധീകരണ സംവിധാനം സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): പൊന്നാനി നഗരസഭയിലെയും ഗ്രാമപഞ്ചായത്തുകളായ മാറഞ്ചേരി, വെളിയംകോട്, പെരുമ്പടപ്പ് എന്നിവിടങ്ങളിലേയും കുടിവെള്ള വിതരണത്തിനായി ജലം പമ്പ് ചെയ്യുന്ന ഭാരതപ്പുഴയിലെ നരിപ്പറമ്പ് പമ്പ് ഹൗസിലെ ഇൻഫിൽട്ടറേഷൻ ഗാലറി കാലപ്പഴക്കത്താൽ പ്രവർത്തനരഹിതമാണ്. പൊന്നാനി നഗരസഭയിൽ ഒരു പുതിയ കുടിവെള്ള പദ്ധതി സ്ഥാപിക്കാനായി 57 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് സുസ്ഥിര നഗര വികസന പദ്ധതിയിലുൾപ്പെടുത്തി കെ.എസ്.യു.ഡി.പി.യിൽ സമർപ്പിച്ചത് വാട്ടർ അതോറിറ്റി പരിശോധിച്ചുവരികയാണ്. മാറഞ്ചേരി, വെളിയംകോട്, പെരുമ്പടപ്പ് എന്നീ പഞ്ചായത്തുകളിൽ ശുദ്ധജലം എത്തിക്കുന്നതിനായി ജല അതോറിറ്റിയുടെ സ്ഥലത്ത് 26 എം.എൽ.ഡി.യുടെ ഒരു ശുദ്ധീകരണശാല സ്ഥാപിക്കുന്നതിനാവശ്യമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## (8) എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയിലെ നിലവാരത്തകർച്ച

ശ്രീമതി കെ. എസ്. സലീഖ: എഞ്ചിനീയറിംഗ് കോഴ്സുകളിലെ പ്രവേശന മാനദണ്ഡങ്ങളിൽ ഇളവ് വരുത്തിയ തീരുമാനം എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയിലെ നിലവാരത്തകർച്ചയ്ക്ക് വഴിവയ്ക്കുമെന്നതിന്റെ അടിസ്ഥാനത്തിൽ തീരുമാനം പുന:പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്): എഞ്ചിനീയറിംഗ് ഡിഗ്രി പ്രവേശനത്തിന് ഹയർ സെക്കണ്ടറി തലത്തിൽ ഗണിത ശാസ്ത്രത്തിന് 45 ശതമാനം മാർക്ക് മതിയെന്നാണ് എ.ഐ.സി.റ്റി.ഇ. നിബന്ധന. കേരള

ത്തിലെ എഞ്ചിനീയറിംഗ് പഠന നിലവാരം ഉയർത്തുന്നതിനായും കോടതി പരാമർശത്തിന്റെ അടിസ്ഥാനത്തിലും കേരളത്തിൽ ഇത് 50 ശതമാനമായി നിശ്ചയിച്ചിരുന്നു. അതിനെതിരായി എ.ഐ.സി.റ്റി.ഇ. യുടെ നിർദ്ദേശം വന്ന തിന്റെ അടിസ്ഥാനത്തിലും മാനേജുമെന്റുകളുടെ ആവശ്യം പരിഗണിച്ചു മാണ് ക്യാബിനറ്റ് തീരുമാനപ്രകാരം ഗണിത ശാസ്ത്രത്തിന് 45 ശതമാനം മാർക്കേ ആവശ്യമുള്ളുവെന്ന് 30–5–2013–ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

## (9) ശിവദാസന്റെ കൊലപാതകം

ശ്രീ. എം. ചന്ദ്രൻ: ആലത്തൂർ നിയോജകമണ്ഡലത്തിലെ കുഴൽമന്ദം കൊടുവായൂർ റോഡിൽ ഒല്ലൂപ്പാറയിൽ വച്ച് കൊലചെയ്യപ്പെട്ട ശിവദാസന്റെ കൊലപാതകികളെ അറസ്റ്റ് ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): കൊലചെയ്യപ്പെട്ട ശിവദാസനും കേസിലെ ഒന്നാം പ്രതിയായ പ്രകാശനും തമ്മിലുള്ള വസ്തു തർക്കവും ഇരു വരുടെയും കുടുംബക്ഷേത്രത്തിൽ നടന്ന വഴിപാടിന്റെ സമയത്തെച്ചൊല്ലി യുള്ള തർക്കവുമാണ് കൊലപാതകത്തിലേയ്ക്ക് നയിച്ചതെന്നാണ് പ്രാഥമിക നിഗമനം. ഈ സംഭവത്തിലെ രണ്ട് പ്രതികളെയും 5–6–2013 പുലർച്ചെ പാല ക്കാട് ടൗൺ കെ.എസ്. ആർ.ടി.സി ബസ് സ്റ്റാൻഡിൽനിന്നും അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്തിരിക്കുകയാണ്. സംഭവ സ്ഥലത്തുനിന്ന് കണ്ടെടുത്ത നാടൻ നിർമ്മിത റിവോൾവറും രണ്ട് തിരകളും സംബന്ധിച്ചും കത്തി നശിച്ചതായി

കണ്ടെത്തിയ സീലോ കാർ സംബന്ധിച്ചും സമഗ്ര അന്വേഷണം നടത്തുന്നതിന് പാലക്കാട് ജില്ലാ പോലീസ് സൂപ്രണ്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**മേശപ്പുറത്ത് വച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ 4(1)(2) ഇനങ്ങൾ അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച I മുതൽ XIV വരെയുള്ള സബ്ജക്ട് കമ്മിറ്റികളുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**നിയമനിർമ്മാണ കാര്യം**

**ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും**

**1) 2013-ലെ അബ്കാരി (ഭേദഗതി) ബിൽ**

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): 2013-ലെ അബ്കാരി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമ നിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): 2013-ലെ അബ്കാരി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണ നയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): കേരളത്തിൽ മദ്യപാനത്തിന്റെ തോത് ദിനംപ്രതി വർദ്ധിച്ചുവരുന്ന സാഹചര്യത്തിലാണ് അബ്കാരി നിയമത്തിൽ ഭേദഗതി കൊണ്ടുവരാൻ ഗവൺമെന്റ് തീരുമാനിച്ചത്. കഴിഞ്ഞ വർഷങ്ങളിൽ വിദേശ മദ്യ ഷോപ്പുകളുടെ എണ്ണവും കെ.എസ്.ബി.സി. യുടെ വരുമാനവും വർദ്ധിച്ചിട്ടുണ്ട്. ദേശീയ ശരാശരിയുടെ മൂന്നിരട്ടി മദ്യമാണ് കേരളീയരുടെ ഉപഭോഗം. മദ്യത്തിന്റെ അമിതവ്യാപനം തടയുന്നതോടൊപ്പം സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു സംവിധാനമായി എക്സൈസ് വകുപ്പിനെ മാറ്റിയെടു ക്കുവാനാണ് 2011-12 വർഷത്തിലെ മദ്യ നയത്തിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. എഫ്.എൽ-III ലൈസൻസുകൾ നിയന്ത്രിക്കുന്നതിന് പുതിയ നിബന്ധനകളും മാനദണ്ഡങ്ങളും കൊണ്ടുവരുന്നതിന് ഗവൺമെന്റ് ഭരണപരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മദ്യം വിൽക്കുന്നതിനും ഉപയോ ഗിക്കുന്നതിനുമുള്ള പ്രായപരിധി 18-ൽ നിന്ന് 21 വയസ്സായി ഉയർത്തുന്ന തിനും സിനിമകളിൽ മദ്യപാന രംഗങ്ങൾ പ്രദർശിപ്പിക്കുമ്പോൾ മദ്യപാനം ആരോഗ്യത്തിന് ഹാനികരമെന്ന് നിയമപരമായ മുന്നറിയിപ്പ് നൽകുന്നതി നുമുള്ള തീരുമാനങ്ങൾ പ്രാവർത്തികമാക്കുന്നതിനുമാണ് ഭേദഗതി

കൊണ്ടുവന്നത്. പ്രായപരിധി വർദ്ധിപ്പിക്കുന്നതിനുള്ള ഭേദഗതികൾ 15(എ) 15 (ബി) 67(എ) വകുപ്പുകളിലും നിയമപരമായ മുന്നറിയിപ്പ് സംബന്ധിച്ച പുതിയ വകുപ്പ് 55 ഐ ആയും നിർദ്ദേശിച്ചിരിക്കുന്നു. വിദേശ മദ്യ ചട്ടം 15(എ) പ്രകാരം കെ.എസ്.ബി.സി വെയർഹൗസുകളിൽനിന്നും വിൽക്കുന്ന ഇന്ത്യൻ നിർമ്മിത വിദേശ മദ്യം, ബിയർ എന്നിവയ്ക്ക് ഗ്യാലനേജ് ഫീസ് നിർബന്ധമാണ്. 1077-ലെ അബ്കാരി നിയമത്തിലെ സെക്ഷൻ 18(4) പ്രകാരമാണ് പരമാവധി നിരക്ക് നിർദ്ദേശിച്ചിരിക്കുന്നത്. വരുംവർഷങ്ങളിലെ ആവശ്യങ്ങൾകൂടി കണക്കിലെടുത്തുകൊണ്ട് നിരക്ക് പരമാവധി വർദ്ധിപ്പിച്ചു കൊണ്ടുള്ള ഭേദഗതിയാണ് അബ്കാരി നിയമത്തിലെ സെക്ഷൻ 18(4)(ബി) യിൽ നിർദ്ദേശിച്ചിരിക്കുന്നത്. കൂടാതെ ടു സ്റ്റാർ പദവിയില്ലാത്ത ഹോട്ടലുകളിലെ നിലവിലെ പാർട്ട്ണർ പിരിഞ്ഞു പോകണമെങ്കിൽ രണ്ടു ലക്ഷം രൂപയും പുതുതായി വരുന്ന പാർട്ട്ണർ/ഡയറക്ടർ ഇരുപത് ലക്ഷം രൂപയും ഫീസിനത്തിൽ അടയ്ക്കേണ്ടതാണ് എന്ന വ്യവസ്ഥയും കൊണ്ടുവന്നിട്ടുണ്ട്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: I move that- "This House resolves to disapprove The Kerala Abkari (Amendment) Ordinance, 2013 (Ordinance No.32 of 2013)". മദ്യപാനം കുറച്ചുകൊണ്ടു വരുന്നതിനുള്ള ഈ ഓർഡിനൻസ് പ്രാബല്യത്തിൽ വന്ന് മാസങ്ങളായിട്ടും മദ്യത്തിന്റെ ഉപയോഗം കുറഞ്ഞില്ലെന്നുമാത്രമല്ല വർദ്ധിച്ചതിന്റെ ഫലമായി ഈ ഓർഡിനൻസിന്റെ പ്രസക്തിതന്നെ നഷ്ടമായിരിക്കുന്നു. 1077-ലെ അബ്കാരി ആക്ടിന്റെ തുടർച്ചയായി മദ്യത്തിന്റെ ഉപയോഗം, വിപണനം, വ്യാജ വില്പന ഇവ നിയന്ത്രിക്കാൻ സമഗ്രമായ നിയമം

ഉണ്ടാക്കിയിട്ടുണ്ടെങ്കിലും മദ്യത്തിന്റെ ഉപഭോഗം സംസ്ഥാനത്ത് ദിനംപ്രതി വർദ്ധിച്ചുവരുന്നു. വിദേശ മദ്യം ഉല്പാദിപ്പിക്കുന്നവരുടെ ഏറ്റവും വലിയ വിപണന കേന്ദ്രമായി കേരളം മാറിയിരിക്കുന്നു. ഓർഡിനൻസിനകത്ത് മദ്യം ഉപയോഗിക്കുന്നതിനും വില്ക്കുന്നതിനുമുള്ള കുറഞ്ഞ പ്രായപരിധി 21 വയസ്സായി വർദ്ധിപ്പിച്ചിരിക്കുകയാണ്. പുതിയ ഓർഡിനൻസിലൂടെ ബിവ റേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകളിൽ നിന്നും ബാറുകളിലേയ്ക്ക് കുട്ടി കളെ ആകർഷിക്കപ്പെടുന്ന സ്ഥിതിവിശേഷം ഉണ്ടാകും. ഈ നിയമപ്രകാരം 21 വയസ്സ് കഴിഞ്ഞവർക്ക് മാത്രമേ മദ്യഷാപ്പുകളിൽ തൊഴിലെടുക്കാൻ സാധി ക്കുകയുള്ളൂ എന്നത് അപ്രായോഗികമാണ്. മദ്യവർജ്ജനം പ്രഖ്യാപിച്ച സർക്കാർ 62 ബാറുകൾ പുതുതായി അനുവദിച്ചിരിക്കുകയാണ്. മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനു പകരം മദ്യഷാപ്പുകളിൽ സ്വയം സേവാ കൗണ്ടർ ഏർപ്പെടുത്തുമെന്ന പ്രഖ്യാപനം പ്രതിഷേധാർഹമാണ്. വ്യാജമദ്യം സുലഭമായി വിൽക്കുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. കള്ളുഷാപ്പുകൾ അടച്ചുപൂ ട്ടുകയും വിദേശ മദ്യഷാപ്പുകളുടെ എണ്ണം വർദ്ധിച്ചുവരികയും ചെയ്യുന്നതി ലൂടെ കള്ളുചെത്ത് തൊഴിലാളികളുടെ ഭാവി അനിശ്ചിതത്വത്തിലായിരിക്കു കയാണ്. അബ്കാരി ആക്ടിന്റെ ഭേദഗതിയിൽ 'നീര' ഉൽപാദനത്തിന് സംരക്ഷണം കൊടുക്കുന്നതിനുള്ള വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്. മദ്യ നിരോധനം പ്രായോഗികമല്ലാതെ വന്നിരിക്കുന്ന സാഹചര്യത്തിൽ മദ്യപാ നത്തിനെതിരായി ശക്തമായ ബോധവത്ക്കരണം ആവശ്യമാണ്. മദ്യഷാപ്പു കൾ അനുവദിക്കുന്ന കാര്യത്തിൽ സംസ്ഥാനമൊട്ടാകെ ഏകീകൃത നയം രൂപീകരിക്കണം. ബിവറേജസ് കോർപ്പറേഷന്റെ ഹോളോഗ്രാം തയ്യാറാക്കുന്ന

തിൽനിന്ന് സി–ഡിറ്റിനെ ഒഴിവാക്കാനുള്ള തീരുമാനം പുനഃപരിശോധിക്കണം. വിദേശമദ്യത്തിന്റെ വില കൂട്ടിയതുമൂലം വ്യാജമദ്യ ഉപഭോഗം വർദ്ധിച്ചിരിക്കുകയാണ്. ബോധവൽക്കരണത്തിലൂടെ മദ്യപാനികളുടെ എണ്ണവും കുറയ്ക്കാൻ കഴിയണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാർ അനുവദിക്കാനുള്ള അധികാരം നൽകാൻ പാടില്ല. ഇതിനുള്ള അധികാരം ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കണം. മദ്യക്കച്ചവടക്കാർക്കും സാമൂഹികവിരുദ്ധർക്കുമിടിയിൽ നടപ്പിലാക്കേണ്ട നിയമം പൊതുപ്രവർത്തകർക്കിടയിൽ പ്രയോഗിക്കുന്നതിനെതിരെ നടപടിയുണ്ടാകണം.

<u>ശ്രീ. പി. തിലോത്തമൻ</u>: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. സംസ്ഥാനത്തെ മദ്യത്തിന്റെ ഉപയോഗം കുറയ്ക്കുന്നതിന് വിപുലമായ ബോധവൽക്കരണ പരിപാടികൾ കാര്യക്ഷമമായി നടപ്പാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. സർക്കാരിന്റെ മദ്യനയം വിമർശനവിധേയമായിരിക്കുകയാണ്. ബാറുകളുടെ എണ്ണം ദിവസേന വർദ്ധിച്ചുവരികയാണ്. മദ്യത്തിന്റെ ഉപഭോഗത്തിനും ഉപയോഗത്തിനുമുള്ള കുറഞ്ഞ പ്രായപരിധി 21 വയസ്സായി ഉയർത്തിയതുകൊണ്ട് ഉദ്ദേശിച്ച ഫലമുണ്ടാകുകയില്ല. മദ്യാസക്തിയിൽനിന്ന് ജനങ്ങളെ മോചിപ്പിക്കുന്നതിന് പ്രായോഗികമായ നടപടികൾ ആവിഷ്ക്കരിക്കണം. അനധികൃത മദ്യോത്പാദനം തടയണം. ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകളുടേയും ബാറുകളുടേയും എണ്ണത്തിൽ നിയന്ത്രണം ഉണ്ടാക്കുന്നതിനും മദ്യത്തിന്റെ വിപണനവും ലഭ്യതയും കുറയ്ക്കുന്നതിനും പൊതുസമൂഹത്തെ ബോധവൽക്കരിക്കുന്നതിനും വീര്യം കൂടിയ മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കണം. വ്യവസായത്തെയും ഈ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികളെയും സംര

ക്ഷിക്കാൻ ബന്ധപ്പെട്ട വകുപ്പുകൾ മുൻകയ്യെടുത്ത് ഉയരം കുറഞ്ഞ തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കാൻ നടപടി സ്വീകരിക്കണം. കള്ളുഷാപ്പുകളെ നവീകരിക്കുന്നതിനും വീര്യം കുറഞ്ഞ മദ്യത്തിന്റെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. കള്ളിൽ നിന്നും നല്ല മദ്യം ഉണ്ടാക്കി വിദേശത്തേയ്ക്ക് കയറ്റി അയച്ച് കർഷകർക്ക് വരുമാനം ഉണ്ടാക്കുന്നതോടൊപ്പം തൊഴിൽ സാധ്യതകൾ സൃഷ്ടിക്കാനും നടപടി സ്വീകരിക്കണം. മദ്യം വഴിയുണ്ടാകുന്ന സാമൂഹിക അരാജകത്വത്തെ തടയണം. മദ്യത്തിന്റെ ഭീഷണിയിൽനിന്നും സമൂഹത്തിന് മോചനം ലഭിക്കുന്നതിനുവേണ്ടിയുള്ള ഒരു നയം സർക്കാർ സ്വീകരിക്കണം.

<u>ശ്രീ. ബെന്നി ബെഹനാൻ:</u> 2013-ലെ അബ്കാരി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31.7.2013 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ദേശീയ ശരാശരിയുടെ മൂന്നിരട്ടി മദ്യമാണ് കേരളം ഉപയോഗിക്കുന്നത്. കേരളത്തിലേയ്ക്കുള്ള അന്യസംസ്ഥാന തൊഴിലാളികളുടെ കടന്നുകയറ്റം മദ്യത്തിന്റെ ഉപഭോഗ നിരക്കിൽ വർദ്ധനവുണ്ടാക്കിയിരിക്കുകയാണ്. ഘട്ടംഘട്ടമായി മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കാൻ ശ്രമിക്കുകയും മദ്യം ഉപയോഗിക്കാനുള്ള സാഹചര്യം ഇല്ലാതാക്കുകയും മദ്യവർജ്ജനത്തിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണം. മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിനുവേണ്ടി ക്യാമ്പസുകളിൽ യുവജന പ്രസ്ഥാനങ്ങൾ വഴി ബോധവത്കരണം നടത്തണം. കള്ളവാറ്റ് അവസാനിപ്പിക്കുന്നതിന് എക്സൈസ് ഉദ്യോഗസ്ഥന്മാരുടെ ഇടപെടൽ ഉണ്ടാകണം. സാംസ്കാരിക അധ:പതനവും മൂല്യച്യുതിയുമാണ് മയക്കുമരുന്നുപഭോഗവും മദ്യപാനവും വർദ്ധിക്കാൻ കാരണമാകുന്നത്. എൻ.സി.സി.,

സ്റ്റുഡന്റ്സ് പോലീസ്, എൻ.എസ്.എസ്., സ്റ്റുഡന്റ്സ് യൂണിയനുകൾ തുടങ്ങിയവ വഴി വിദ്യാർത്ഥികൾക്കിടയിൽ മയക്കുമരുന്നിനും മദ്യത്തിനുമെതിരെയുള്ള ബോധവത്കരണം നടത്തണം.

ശ്രീ. വി.എസ്. സുനിൽകുമാർ: 2013-ലെ അബ്കാരി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിലെ വിദേശമദ്യ ഉപഭോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. കേരളത്തിൽ ചാരായ നിരോധനം ഏർപ്പെടുത്തിയെങ്കിലും മദ്യ ഉപഭോഗത്തിൽ കുറവുണ്ടായിട്ടില്ലെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കഴിഞ്ഞവർഷത്തെ കണക്കുപ്രകാരം വിദേശ മദ്യവിൽപ്പനയിലൂടെ കേരളത്തിന്റെ ഖജനവിൽ ലഭിച്ചത് 7860.12 കോടി രൂപയാണ്. ടൂറിസം വികസനത്തിന്റെ പേരിൽ പഞ്ചായത്തുകളിൽ അനുവദിച്ച ത്രീ സ്റ്റാർ ഹോട്ടലുകളിലെ ബാറുകളിൽ ലൈസൻസ് പ്രകാരമുള്ള കൗണ്ടറുകൾ മാത്രം പ്രവർത്തിപ്പിക്കുവാൻ കഴിയണം. പുതുതായി ആരംഭിച്ച ബാർ ഹോട്ടലുകളിലെ ജനതാ കൗണ്ടർ അടച്ചു പൂട്ടണം. കഴിഞ്ഞ വർഷം മദ്യത്തിന്റെ വില്പന കുറയാനിടയായ സാഹചര്യം ഗൗരവമായി പരിശോധിക്കണം. കേരളത്തിൽ വിതരണം ചെയ്യുന്ന മദ്യത്തിന്റെ ശുദ്ധത പരിശോധിക്കുന്നതിനും വിഷാംശം കുറയ്ക്കുന്നതിനുമുള്ള സംവിധാനം ഒരുക്കണം. സ്ക്കൂൾ/കോളേജ് കരിക്കുലത്തിലും സിലബസ്സിലും മദ്യപാനത്തിന്റെ ദൂഷ്യ വശങ്ങളെക്കുറിച്ച് പഠിപ്പിക്കുവാനാവശ്യമായ സംവിധാനമുണ്ടാകണം .

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഫലപ്രദ

മായ ഒരു മദ്യനയം ആവഷ്ക്കരിച്ചിരുന്നു. അതിൽ പുതിയ കെ.എസ്.ബി.സി ഔട്ട്ലെറ്റുകൾക്കും ബാർ ലൈസൻസ് നൽകുന്നതിലും നിയന്ത്രണം, ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് 25 മുറികളുണ്ടെങ്കിൽ മാത്രം ബാർ അനുവദി ക്കുക എന്നീ വ്യവസ്ഥകൾ കൊണ്ടുവന്നു. ബാർ ഹോട്ടലുകളുടെ പ്രവർത്തന സമയം മൂന്നു മണിക്കൂർ വെട്ടിക്കുറച്ചു. കൈവശം വയ്ക്കാ വുന്ന മദ്യത്തിന്റെ അളവ് 27.1 ലിറ്ററിൽനിന്നും 15 ലിറ്ററായി കുറച്ചു. മദ്യം വിൽക്കുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള പ്രായപരിധി പതിനെട്ടിൽനിന്ന് 21 വയസ്സായി ഉയർത്തി. പുതിയ ബാർ ലൈസൻസുകൾ നൽകുന്നതിന് ദൂര പരിധി നിയമവും അബ്കാരി സ്ഥാപനങ്ങൾ പുതുതായി ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരം വേണമെന്നുള്ള വ്യവസ്ഥയും കൊണ്ടുവന്നു. ഗവൺമെന്റ് ആവിഷ്ക്കരിച്ച മദ്യനയം കേരള ഹൈക്കോടതി റദ്ദാക്കുകയും ഇപ്പോൾ സുപ്രീംകോടതിയുടെ പരിഗണന യിലുമാണ്. ഇന്ത്യയിൽ ആദ്യമായി പാൻപരാഗ് നിരോധിച്ച സംസ്ഥാനം കേര ളമാണ്. വിദ്യാലയങ്ങളുടെ 400 മീറ്റർ ദൂരപരിധിയിൽ പുകയില ഉല്പന്ന ങ്ങൾ വില്ക്കുന്നത് നിരോധിച്ചതോടൊപ്പം ബോധവത്കരണ പ്രവർത്തന ങ്ങൾക്ക് മുൻതൂക്കം കൊടുക്കുകയും അതിനായി രണ്ടു കോടി രൂപ അനുവ ദിക്കുകയും ചെയ്തു. സ്കൂളുകൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള ലഹരി വിരുദ്ധ ക്ലബ്ബുകൾക്ക് ചെറിയ തോതിലുള്ള ധനസഹായവും അനുവദിച്ചിട്ടുണ്ട്. ഈ സർക്കാർ സ്വീകരിച്ച മദ്യനയത്തിന്റെ ഫലമായി മദ്യവില്പനയുടെ തോതിൽ കുറവുണ്ടായിട്ടുണ്ട്. മദ്യപാനം കൊണ്ടുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആരോഗ്യ വകുപ്പ് സെക്രട്ട റിയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ഈ സർക്കാർ കള്ളുഷാപ്പുകൾ

അടച്ചുപൂട്ടിയിട്ടില്ലെന്ന് മാത്രമല്ല ഈ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്ന തിന്റെ ഭാഗമായി വൃക്ഷക്കരം ഒഴിവാക്കിയിരിക്കുകയുമാണ്. എക്സൈസിലെ വിജിലൻസ് വിഭാഗത്തിന്റെയും സി ആന്റ് എ ജി യുടെയും ശുപാർശ യുടെ അടിസ്ഥാനത്തിൽ 23 സെക്യൂരിറ്റി ഫീച്ചേഴ്സോടുകൂടിയ ഹോളോഗ്രാം സംവിധാനം ഏർപ്പെടുത്താൻ തീരുമാനിക്കുകയും പ്രത്യേക കമ്മിറ്റി രൂപീകരിച്ച് ടെൻഡർ നടപടികളെടുത്തുവരികയുമാണ്. ഇതിൽനിന്ന് സി–ഡിറ്റിനെ ഒഴിവാക്കിയിട്ടില്ല. ബാർ ലൈസൻസ് അനുവദിച്ചതുമായി ബന്ധപ്പെട്ട ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്. ഈ വർഷം 199 ബാർ ഹോട്ടലുകളിൽ പരിശോധന നടത്തുകയും ഫൈൻ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2013–ലെ അബ്കാരി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

**2) <u>2013–ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ.</u>**

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): 2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

**ക്രമപ്രശ്നം**

**ബിൽ ഭരണഘടനാ വിരുദ്ധം**

ശ്രീ. എ.കെ. ബാലൻ: ബില്ലിലെ ക്ലോസ് 3 പ്രകാരമുള്ള പ്രധാന ആക്ടിലെ 235-ാം വകുപ്പിനുള്ള ഭേദഗതി ഭരണഘടനാ വിരുദ്ധമാണ്. ബില്ലിലെ ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിലെ 447-ാം വകുപ്പിലെ 6-ാം ഉപവകുപ്പിനുശേഷം 7, 8, 9 എന്നീ ഉപവകുപ്പുകൾ ചേർക്കുന്നതുമൂലം സഹ കരണസംഘങ്ങൾക്ക് കള്ളുഷാപ്പ് തുടങ്ങാനുള്ള ഭരണഘടനാപരമായ അവ കാശം ഹനിക്കുന്ന തരത്തിൽ മുനിസിപ്പൽ കൗൺസിലുകൾക്ക് പ്രവർത്തി ക്കാനുള്ള അധികാരം നൽകിയിരിക്കുകയാണ്. അതിനാൽ ഈ ബിൽ തികച്ചും ഭരണഘടനാ വിരുദ്ധമാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന് 1999-ൽ വരുത്തിയ ഭേദഗതി വഴി കൂട്ടിച്ചേർത്തിട്ടുള്ള 235-ാം വകുപ്പ് പ്രകാരം സർക്കാർ വകയോ എയ്ഡഡോ സർക്കാരിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് അല്ലെങ്കിൽ അനു ബന്ധ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും പ്രസ്തുത സ്ഥാപനത്തിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളും വസ്തു നികുതി, സേവന ഉപനികുതി എന്നിവയിൽനിന്നും മുൻപ് തന്നെ ഒഴി

വാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ സ്ഥാപനങ്ങളോടൊപ്പം സർക്കാരിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കന്ററിതലം വരെയുള്ളതുമായ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും ഹോസ്റ്റൽ കെട്ടിടങ്ങളുമാണ് ഇപ്പോഴത്തെ ബില്ലിൽ വസ്തു നികുതിയിൽനിന്നും സേവന ഉപനികുതിയിൽനിന്നും ഒഴിവാക്കിയിട്ടുള്ളത്. ഇപ്പോൾ ചേർക്കുന്ന വ്യവസ്ഥ ഭരണഘടനയ്ക്ക് വിരുദ്ധമല്ലാത്തതും ചോദ്യം ചെയ്യപ്പെടാൻ സാധ്യതയില്ലാത്തതുമാണ്. ഒരു പ്രത്യേക നികുതി ചുമത്തുന്നതിൽനിന്നുള്ള അധികാരം ഉപയോഗിച്ചുതന്നെ ചില പ്രത്യേക വിഭാഗങ്ങളെ നികുതിയിൽനിന്നും ഒഴിവാക്കുന്നതിനും സർക്കാരിന് അനുവാദം ഉള്ളതിനാൽ നികുതി ഒഴിവാക്കൽ ഏർപ്പെടുത്തുന്നതുമൂലം മുനിസിപ്പാലിറ്റികളുടെ വരുമാനം കുറയുമെന്ന കാരണത്താൽ മാത്രം അത് ഭരണഘടനാ വിരുദ്ധമാകുന്നില്ല. ഭരണഘടനയുടെ 97–ാം ഭേദഗതി മുഖേന എല്ലാ ഭാരത പൗരന്മാർക്കും ഭരണഘടനയുടെ 19(1 സി) അനുച്ഛേദ പ്രകരം നൽകിയിട്ടുള്ള സമാജങ്ങളോ യൂണിയനുകളോ രൂപീകരിക്കുന്നതിനുള്ള അധികാരത്തോടൊപ്പം സഹകരണസംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള അധികാരവും നൽകിയിരിക്കുന്നു. എന്നാൽ ഭരണഘടനയുടെ അനുച്ഛേദം 19 (2) പ്രകാരം പൗരൻമാർക്കുള്ള പ്രസ്തുത അധികാരത്തിന്മേൽ നിയന്ത്രണങ്ങൾ നിയമം വഴി ചുമത്തുന്നതിനുള്ള അധികാരം സർക്കാരിനുണ്ട്. അപ്രകാരം നിയന്ത്രണങ്ങൾ ചുമത്തുന്നതുമൂലം പൗരന്മാരുടേയോ സഹകരണസംഘങ്ങളുടേയോ ഭരണഘടനാപരമായ അവകാശം ഹനിക്കപ്പെടുന്നില്ല.

മി. സ്പീക്കർ: മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. എ.കെ. ബാലൻ അവതരിപ്പിച്ച തടസ്സവാദം തള്ളുന്നു. ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: 2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: കഴിഞ്ഞ സർക്കാർ വസ്തു നികുതി പരിഷ്കരിച്ചെങ്കിലും അതിൽ അപാകതകൾ ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ നിയോഗിച്ച സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഈ ഭേദഗതികൾ വരുത്തിയിട്ടുള്ളത്. ഇപ്പോൾ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് നികുതി നിർണ്ണയിക്കുന്നത്. ഓരോ വർഷവും അഞ്ച് ശതമാനം എന്ന നിരക്കിൽ വർദ്ധനവ് വരുത്തി 5 വർഷം പൂർത്തിയാകുമ്പോൾ 25 ശതമാനം വർദ്ധനവ് വരുന്ന വിധത്തിൽ പുതുക്കി നിശ്ചയിക്കുന്നതിന് കൗൺസിലുകൾക്ക് അധികാരം നൽകുകയാണ്. പാർപ്പിട ആവശ്യത്തിനുള്ളതും നിലവിലുള്ളതുമായ കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി ആദ്യം നിർണ്ണയിക്കുമ്പോൾ തൊട്ട് മുൻപ് നിലവിലുണ്ടായിരുന്നതിൽനിന്ന് കുറഞ്ഞത് 25 മുതൽ 60 ശതമാനം വരെ ഏർപ്പെടുത്തണം. കൊമേഴ്സ്യൽ കെട്ടിടങ്ങളുടെ നികുതി കുറഞ്ഞത് 25 ശതമാനവും പരമാവധി 150 ശതമാനവും വർദ്ധനവ് വരുത്തണം.

മാർബിൾ, വെട്രിഫൈഡ് ടൈൽസ് മുതലായവ ഉപയോഗിച്ചുള്ള തറയ്ക്ക് അടിസ്ഥാന വസ്തു നികുതിയിൽ ഉണ്ടായിരുന്ന വർദ്ധനവ് ഒഴിവാക്കി. ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് മുതലായ വിലകൂടിയ സാധനങ്ങൾകൊണ്ട് നിർമ്മിച്ച 250 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള തറയ്ക്ക് നികുതി വർദ്ധനവ് ഒഴിവാക്കി. ഉടമസ്ഥർ വാടകയ്ക്ക് നൽകിയിരിക്കുന്ന കെട്ടിട ങ്ങൾക്ക് ഏർപ്പെടുത്തിയിരുന്ന 50 ശതമാനം 75 ശതമാനം എന്നിങ്ങനെയുള്ള അധിക നികുതി ഒഴിവാക്കി. വസ്തു നികുതി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് നികുതിദായകരുടെ പ്രയാസങ്ങൾ ലഘൂകരിക്കുന്നതിന് റിട്ടേൺ സമർപ്പിക്കുന്ന ഫോറം ലളിതമാക്കി. നികുതി റിട്ടേൺ സമർപ്പിക്കുന്നതിലുള്ള വീഴ്ചയ്ക്ക് ചുമത്തിയിരുന്ന പിഴ ഒഴിവാക്കി. നഗരസഭാ പ്രദേശത്ത് അബ്കാരി ഷോപ്പുകൾ സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട നഗരസഭയുടെ മുൻകൂർ അനുവാദം നിർബന്ധമാക്കുന്നതിനും പൊതുതാൽപര്യാർത്ഥം അബ്കാരി ഷോപ്പുകൾ മാറ്റി സ്ഥാപിക്കുവാനോ അടപ്പിക്കുവാനോ അധി കാരം നൽകിക്കൊണ്ടുള്ള വ്യവസ്ഥകൾ ചേർക്കുന്നതിനാണ് 447-ാം വകുപ്പ് ഭേദഗതി ചെയ്യുന്നത്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീമതി ഇ.എസ്. ബിജിമോൾ: I move that— "This House resolves to disapprove The Kerala Municipality (Amendment) Ordinance, 2013 (Ordinance No. 33 of 2013)". മുനിസിപ്പാലിറ്റിയുടെ അവകാശ അധികാര ങ്ങൾ നഷ്ടപ്പെടുത്തുകയും വൻകിട കച്ചവടക്കാരുടെ താൽപര്യങ്ങൾ സംര ക്ഷിക്കുകയും ചെയ്യുന്ന ഈ ഭേദഗതി ബില്ലിനോട് യോജിക്കാൻ പ്രയാസമാണ്. ഉത്തരവാദിത്വങ്ങളിൽനിന്നും ഒഴിഞ്ഞുമാറുന്ന

ഗവൺമെന്റാണിത്. പദ്ധതികൾ പലതും പകുതിയിൽ നിന്നുപോകുന്ന സാഹചര്യമാണ് ഉണ്ടാകുന്നത്. ഇതുമായി ബന്ധപ്പെട്ട് ബില്ലിൽ കാതലായ മാറ്റം ആവശ്യമാണ്. നഗരവൽക്കരണത്തിന്റെ ഭാഗമായി മണ്ണിന്റെ ഗുണനിലവാരം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ശാസ്ത്രീയമായ നിരീക്ഷണമില്ലാതെ യഥേഷ്ടമായി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ അനുമതി പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളുമാണ് നൽകുന്നത് എന്നുപറഞ്ഞ് സർക്കാർ ഒഴിഞ്ഞുമാറുന്ന സഹചര്യമാണുണ്ടായിട്ടുള്ളത്. സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മറവിൽ കോടികൾ മുടക്കി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്കും സർക്കാർ സഹായം ലഭ്യമാക്കാൻ വ്യവസ്ഥ ചെയ്യുന്ന ഈ ബില്ലിന്റെ ഉദ്ദേശശുദ്ധിയെ സംശയത്തോടെ മാത്രമേ വീക്ഷിക്കാൻ കഴിയുകയുള്ളു. തദ്ദേശ സ്ഥാപനങ്ങൾക്ക് ബാറുകളും ഷാപ്പുകളും അനുവദിക്കാനുള്ള അധികാരം ദുർവിനിയോഗം ചെയ്യപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ട ചുമതല ഗവൺമെന്റിനുണ്ട്.

<u>ശ്രീ. സി. കൃഷ്ണൻ</u>: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. അബ്കാരി ഷാപ്പുകളും ബാറുകളും തുടങ്ങുന്നതിന് ലൈസൻസ് കൊടുക്കാനുള്ള അധികാരം മുനിസിപ്പാലിറ്റികൾക്കും പഞ്ചായത്തുകൾക്കും നൽകുന്നത് വലിയ അഴിമതിക്ക് ഇടയാക്കുന്നതും സഹകരണ മേഖലയുടെ പ്രവർത്തനത്തെയും ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെയും ദോഷകരമായി ബാധിക്കുന്നതുമാണ്. നിലവിൽ പ്രവർത്തിക്കുന്ന ഷാപ്പുകളുടെ പ്രവർത്തനാനുമതി നിഷേധിക്കാൻ വ്യവസ്ഥ ചെയ്യുന്ന ഈ ബിൽ ഗുണത്തേക്കാളേറെ ദോഷമാണ് ഉണ്ടാക്കുന്നത്. അഴിമതിക്ക് കൂടുതൽ അവസരം ഉണ്ടാക്കിക്കൊടുക്കാൻ വേണ്ടി മാത്രമാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ:</u> 2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15–7–2013 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നഗരസഭകളുടെ വരുമാനവർദ്ധനവിനെ സഹായിക്കാനെന്ന പേരിൽ അൺ എയിഡഡ് ലോബിയെ സഹായിക്കാനുള്ള ഒരു ഭേദഗതിയാണ് ഈ ബില്ലിലൂടെ കൊണ്ടുവന്നിട്ടുള്ളത്. സർക്കാരിന്റെ അംഗീകാരമുള്ള ഹയർ സെക്കന്ററി തലം വരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെയും അവയിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളെയും വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുമെന്ന് ഈ ബില്ലിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അൺ എയിഡഡ് സ്ഥാനങ്ങളെ നികുതിയിൽനിന്നും ഒഴിവാക്കുന്ന അവസ്ഥ ഈ ബില്ലിലൂടെ വരുമെന്ന കാര്യത്തിൽ സംശയമില്ല. നഗരസഭകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതോടൊപ്പം ചെറിയ കെട്ടിടങ്ങളുടെ നികുതിയിൽ വർദ്ധനവ് ഉണ്ടാകാൻ പാടില്ലാത്തതുമായ വ്യവസ്ഥകൾകൂടി ഈ ബില്ലിൽ ഉൾക്കൊള്ളിക്കണം. നഗരങ്ങളിലെ വൻകിട കെട്ടിടങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മാലിന്യസംസ്ക്കരണത്തിനും വേണ്ട വ്യവസ്ഥകൾ ഈ ബില്ലിൽ ഉൾപ്പെടുത്തണം. നഗരങ്ങളിലെ അനധികൃത കെട്ടിടനിർമ്മാണം തടയുന്നതിനും വൻകിട ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുന്നതിൽ നിയന്ത്രണമേർപ്പെടുത്തുന്നതിനും ഈ ഭേദഗതി ബിൽ കൊണ്ട് സാധിക്കണം. .

<u>ശ്രീ. ബെന്നി ബെഹനാൻ</u>: 2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാന

ത്തിൽ പ്രോപ്പർട്ടി ടാക്സ് ചുമത്തുമ്പോഴുണ്ടാകുന്ന അശാസ്ത്രീയത കണക്കിലെടുത്തുകൊണ്ടാണ് 2011-ൽ ചട്ടം കൊണ്ടുവന്നതെങ്കിലും അതിന് നിയമസാധുതയില്ലാത്തതുകൊണ്ടാണ് വീണ്ടും ഒരു നിയമം കൊണ്ടുവന്നത്. ഈ നിയമം നിലവിൽ വരുന്നതോടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 5 വർഷത്തെ അവരുടെ വരുമാനത്തെക്കുറിച്ചുള്ള ഒരു ധാരണയുണ്ടാകാനും അതനുസരിച്ച് പദ്ധതികൾ ആവിഷ്ക്കരിക്കാനും സാധിക്കും. സർക്കാർ അംഗീകരിച്ചിരിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെയും അവയിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളെയും വസ്തു നികുതിയിൽനിന്നും ഒഴിവാക്കിയത് സ്വാഗതാർഹമാണ്. അന്യായമായി ടാക്സ് ഏർപ്പെടുത്തി ജനങ്ങളെ ചൂഷണം ചെയ്യുന്ന സമീപനത്തിൽനിന്നും വ്യത്യസ്തമായി ഇത്തരമൊരു ഭേദഗതി ബിൽ കൊണ്ടുവന്നിട്ടുള്ളത് സ്വാഗതാർഹമാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. മഞ്ഞളാംകുഴി അലി</u>): മുനിസിപ്പാലിറ്റികളെയും പൊതുജനങ്ങളെയും സഹായിക്കാനുതകുന്ന തരത്തിലുള്ള ബില്ലാണ് ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. 2011-ലെ നിയമം അശാസ്ത്രീയമായതിനാലാണ് ഇപ്പോൾ 2013-ലെ കേരള മുനിസിപ്പാലിറ്റി ( ഭേദഗതി) ബിൽ കൊണ്ടുവന്നിരിക്കുന്നത്. പാവപ്പെട്ട കുട്ടികൾ പഠിക്കുന്ന സ്ഥാപനങ്ങളെ സഹായിക്കുന്നതിനുവേണ്ടിയാണ് ഈ ഭേദഗതി ബിൽ കൊണ്ടുവന്നിട്ടുള്ളത്. അമിതമായി ഫീസ് ഈടാക്കുന്ന സ്ഥാപനങ്ങളിൽനിന്നും എങ്ങനെ ടാക്സ് പിരിക്കാമെന്നതു സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ ആലോചിച്ച് തീരുമാനമെടുക്കാം. അബ്കാരി ലൈസൻസ് നൽകുന്നതിനുള്ള അധികാരം

മുനിസിപ്പാലിറ്റികൾക്ക് കൊടുക്കുകയെന്നതാണ് ഇപ്പോൾ സർക്കാർ എടുത്തിട്ടുള്ള തീരുമാനം. മറ്റ് കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യാം.

നിരാകരണപ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചു.

സഭ വൈകുന്നേരം 4.30-ന് പിരിഞ്ഞു.

------